# റിപ്പോർട്ട്

കാര്യോപദേശക സമിതിയംഗവും സഭാനേതാവുമായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശകസമിതിയുടെ ഒരു യോഗം 2013 ഫെബ്രുവരി 6-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 1.10-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ ശുപാർശകൾ താഴെ കൊടുത്തിരിക്കുന്നു:

2013 ഫെബ്രുവരി 11, 13, 14, 18, 19 തീയതികളിലെ കാര്യപരിപാടി താഴെ പറയും പ്രകാരം ക്രമീകരിക്കുന്നതിന്, സമിതി ശുപാർശ ചെയ്യുന്നു:

2013 ഫെബ്രുവരി 11, തിങ്കൾ : താഴെ പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(1) 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(2) 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(3) 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(4) 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

2013 ഫെബ്രുവരി 13, ബുധൻ I. താഴെ പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(1) 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(2) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(3) 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ല് പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും :

2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

2013 ഫെബ്രുവരി 14, വ്യാഴം : I. താഴെ പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(1) 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(2) 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(3) 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

II. ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ധനവിനിയോഗ ബില്ലിന്റെ പരിഗണന.

2013 ഫെബ്രുവരി 18, തിങ്കൾ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും :

(1) 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

(2) 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ

(3) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

(4) 2012-ലെ ശമ്പളവും ബത്തകളും നൽകൽ (മൂന്നാം ഭേദഗതി) ബിൽ

2013 ഫെബ്രുവരി 19, ചൊവ്വ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും :

(1) 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ

(2) 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ

(3) 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

(4) 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

(5) 2013-ലെ കേരള ടോൾ (ഭേദഗതി) ബിൽ.

2013 ഫെബ്രുവരി 20, 21 തീയതികളിൽ സഭ ചേരേണ്ടതില്ലെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ഫെബ്രുവരി 7.

**ഉമ്മൻ ചാണ്ടി,**
*കാര്യോപദേശകസമിതിയംഗവും*
*സഭാനേതാവും.*